വകുപ്പിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. വഴി 574 പേർക്കും ആശ്രിതനിയമനം വഴി 9 പേർക്കും ഡ്രൈവർ തസ്തികയിൽ പി.എസ്.സി. വഴി 17 പേർക്കും നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിനു കീഴിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ പി.എസ്.സി. വഴി 73 പേർക്ക് നിയമനം നൽകുകയും ആശ്രിതനിയമന പദ്ധതി പ്രകാരം 3 ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനുള്ള ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുഭരണ വകുപ്പിനു കീഴിലെ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നും ഒരാൾക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. സർവ്വീസസ്-സി വകുപ്പിൽ പുതുതായി പത്തോളം പേർക്ക് നിയമന ശിപാർശ ലഭിക്കുകയും അവർക്ക് നിയമന ഉത്തരവ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത 7 ഒഴിവുകളുടെ അഡ്വൈസ് മെമ്മോ ആയിട്ടില്ല. സർവ്വീസസ് -എ വകുപ്പിൽ ലഭിച്ച അഡ്വൈസ് മെമ്മോ പ്രകാരം മുഴുവൻ നിയമന ഉത്തരവും നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിൽ നിന്നും നിലവിൽ ആർക്കും അഡ്വൈസ് മെമ്മോ നൽകിയിട്ടില്ല.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സേവനാവകാശ നിയമം

21 (3524) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഇനിയും നടപ്പിലാക്കാനുള്ളത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമ പ്രകാരം ഇതുവരെയായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത ദിവസങ്ങൾക്കകം സേവനം നൽകാത്തതിനാൽ എത്ര ഉദ്യോഗസ്ഥർക്ക് ഇതുവരെ പിഴ ചുമത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ ആക്ട് 2012 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നു. 2012 ഒക്ടോബർ 27-ലെ സ.ഉ. (പി) നമ്പർ. 56/2012/ഉ.ഭ.പ.വ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെടുന്ന പൊതുജനങ്ങൾക്ക് നൽകുന്നതായ സേവനങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് 3-ാം വകുപ്പ് പ്രകാരം അതത് വകുപ്പുകളാണ് ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടത്. അപ്രകാരം സേവനങ്ങൾ ഉള്ള 121 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്കുള്ള നിയമനം

22 (3525) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നതിന് നിബന്ധനകളെന്തെങ്കിലും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2-12-2015-ലെ 48308/സി.ഡി.എൻ5/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നിലവിലുള്ള 4 ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. പ്രമുഖ പത്രമാധ്യമങ്ങളിലെല്ലാം പത്രക്കുറിപ്പായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ വെബ്സൈറ്റായ www.kerala.gov.in-ലും ഇത് സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്.

(സി&ഡി) വിവരാവകാശ ആക്ട് 2005-ലെ നിബന്ധനകൾ അനുസരിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 15 ഉപവകുപ്പ് (5),(6) പ്രകാരമാണ് സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെയും വിവരാവകാശ കമ്മീഷണർമാരെയും നിയമിക്കുന്നത്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാരും നിയമത്തിലോ ശാസ്ത്രത്തിലോ സാങ്കേതിക ശാസ്ത്രത്തിലോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly